"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ്-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈടാക്കുന്ന കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്/അപേക്ഷാ ഫീസ്/ സ്ക്രൂട്ടിനി ഫീസ് ക്രമവത്ക്കരണ ഫീസ് എന്നിവയുടെ നിരക്ക് പരിഷ്കരിച്ച് പുറപ്പെടുവിച്ച ഉത്തരവിൽ 10.04.2023 തീയതിയ്ക്ക് മുമ്പ് ലഭിച്ച അപേക്ഷകളിൽ പഴയ നിരക്കാണ് ബാധകമാക്കുകയെന്നതിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർ എ) വകുപ്പ്

GO.(Ms) No.107/2023/LSGD തീയതി,തിരുവനന്തപുരം, 06-05-2023

---

പരാമർശം:- 31.03.2023 ലെ സ.ഉ(കൈ) നം.85/2023/തസ്വഭവ നമ്പർ ഉത്തരവ്

<u>ഉത്തരവ്</u>

സംസ്ഥാനത്ത് കെട്ടിട നിർമ്മാണ പെർമിറ്റുകൾക്ക് തദ്ദേശ സ്ഥാപനങ്ങൾ മുഖേന ഈടാക്കുന്ന പെർമിറ്റ് ഫീസ് 10.04.2023 മുതൽ പ്രാബല്യം വരും വിധത്തിൽ പരാമർശ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ 10.04.2023 തീയതിയ്ക്ക് മുമ്പ് ലഭിച്ച അപേക്ഷകളിൽ ബിൽഡിംഗ് പെർമിറ്റ് ഫീസ്/അപേക്ഷാ ഫീസ്,/ സ്ക്രൂട്ടിനി ഫീസ് /ക്രമവത്ക്കരണ ഫീസ് എന്നിവയിൽ പുതുക്കിയ നിരക്കാണോ, പഴയ നിരക്കാണോ ബാധകമാകുകയെന്ന കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നതായും ആയതിനാൽ ഇക്കാര്യത്തിൽ വ്യക്തത വരുത്തണമെന്നും ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങൾ മുഖേന ഈടാക്കുന്ന ബിൽഡിംഗ് പെർമിറ്റ് ഫീസ്/അപേക്ഷാ ഫീസ് /സ്ക്രൂട്ടിനി ഫീസ്/ ക്രമവത്ക്കരണ ഫീസ് എന്നിവ സംബന്ധിച്ച്, 10.04.2023 തീയതിയ്ക്ക് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിച്ച അപേക്ഷകളിൽ, മേൽപ്പറഞ്ഞ എത് ആവശ്യത്തിനാണോ അപേക്ഷ സമർപ്പിച്ചത്, ആയതിന്റെ പഴയ നിരക്കാണ് ബാധകമാകുകയെന്നും പ്രസ്തുത തീയതി മുതൽ ലഭിക്കുന്ന അപേക്ഷകൾക്ക്

പരിഷ്കരിച്ച നിരക്ക് ബാധകമാണെന്നും വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) 09.04.2023 വരെ ഓൺലൈനായോ ഓഫ് ലൈനായോ സമർപ്പിച്ച എല്ലാ അപേക്ഷകൾക്കും പഴയ നിരക്ക് ബാധകമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LIZYMOL E

DEPUTY SECRETARY

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

2) ഡയറക്ടർ, തദ്ദേശ സ്വയം ഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.

3) ഡയറക്ടർ, തദ്ദേശ സ്വയം ഭരണ ( അർബൻ) വകുപ്പ്, തിരുവനന്തപുരം.

4) മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.

2) ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) , തിരുവനന്തപുരം.

6) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന)

6) എല്ലാ ജില്ലാ (റൂറൽ / അർബൻ) ജോയിന്റ് ഡയറക്ടർമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന)

7) എല്ലാ ജില്ലാ ടൗൺ പ്ലാനർക്കും ( ചീഫ് ടൗൺ പ്ലാനർ മുഖേന)

8) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം.

9) ഇൻഫർമേഷൻ & പ്ലബ്ലിക്ക് റിലേഷൻസ് വകുപ്പ് /വെബ് & ന്യൂ മീഡിയ (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

10) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്I/ഓഡിറ്റ് II), കേരള , തിരുവനന്തപുരം.

11) ധനകാര്യ വകുപ്പ് / നിയമ വകുപ്പ്/ തദ്ദേശ സ്വയം ഭരണ വകുപ്പ്

14) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്

തദ്ദേശ സ്വയം ഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി എസ്സ്

തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എസ്സ്